# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4722 — 18/12/2014 ൽ മറുപടിക്ക്

**സീമാറ്റ്-കേരളയെ സർവ്വകലാശാല പദവിയിലേക്ക് ഉയർത്തുന്നതിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, പി.എ.മാധവൻ<br>,, അൻവർ സാദത്ത്<br>,, എ.റ്റി.ജോർജ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സീമാറ്റ്-കേരളയെ സർവ്വകലാശാല പദവിയിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) 2020-ഓടുകൂടി സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്-കേരള (സീമാറ്റ്-കേരള) യെ സർവ്വകലാശാല പദവിയിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം വച്ച് 'വിഷൻ 2020' എന്ന പേരിൽ സീമാറ്റ്-കേരള ഒരു വിശദമായ പദ്ധതി തയ്യാറാക്കുകയും അതിന്റെ ഒന്നാംഘട്ടത്തിന്റെ പ്രോജക്റ്റിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വിഷൻ 2020 പദ്ധതി വഴി വിദ്യാഭ്യാസ ആസൂത്രണം, മാനേജ്മെന്റ്, ഭരണനിർവ്വഹണം എന്നീ മേഖലകളിൽ സീമാറ്റ്- കേരളയെ സെന്റർ ഓഫ് എക്സലൻസ് ആക്കുകയും അത് വഴി പൊതുവിദ്യാഭ്യാസ രംഗത്ത് ഒരു മുതൽക്കൂട്ടാകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സീമാറ്റ്-കേരളയെ അന്താരാഷ്ട്ര നിലവാരമുള്ള സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസമാനേജ്മെന്റ്രംഗത്ത് പോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുക, സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുക, ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ലൈബ്രറി കൺസോർഷ്യം സ്ഥാപിക്കുക, ദേശീയ അന്തർദേശീയ സെമിനാറുകൾ നടത്തുക, കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ ബാധിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഗവേഷണ പഠനങ്ങൾ എന്നിവ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു. |
| (സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്.സീമാറ്റ്-കേരളയെ സർവ്വകലാശാല പദവിയിലേക്ക് ഉയർത്തുന്നതിന്റെ |

ഭാഗമായി സീമാറ്റ്-കേരള തയ്യാറാക്കിയ 'വിഷൻ 2020' ന്റെ ആദ്യ ഘട്ട പ്രോജക്റ്റിന്റെ നടത്തിപ്പിന് സർക്കാർ ഉത്തരവ് സ.ഉ. (എം.എസ്)നം.323/2013/പൊ.വി.വ തീയതി.18/12/2013 പ്രകാരം 3,46,17,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസം, ആസൂത്രണം, മാനേജ്മെന്റ്, ഭരണ നിർവ്വഹണം എന്നീ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് പദ്ധതിമൂലം ഉണ്ടാകുന്നതെന്ന് വിശദമാക്കുമോ?

(ഡി) വിദ്യാഭ്യാസ മാനേജ്മെന്റ് രംഗത്ത്, മാനേജ്മെന്റ് തലത്തിൽ സ്കൂൾ പ്രഥമാധ്യാപകർ, പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് വിദഗ്ദ്ധ മാനേജ്മെന്റ് പരിശീലനം നൽകുക വഴി പൊതുവിദ്യാഭ്യാസ രംഗത്ത് മാനേജ്മെന്റ് തലത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. വിദ്യാഭ്യാസ മാനേജ്മെന്റിൽ സർക്കാർനയം ഫ്രെയിംവർക്കു ചെയ്യുക, ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം, റിഫ്രഷർ കോഴ്സുകൾ നടത്തുക, പ്രൊഫഷണൽ സപ്പോർട്ടും ഗൈഡൻസും നൽകുക, റിസർച്ചു പ്രോഗ്രാമുകൾ നടത്തുക, കൺസൽട്ടൻസി സർവ്വീസുകൾ നടത്തുക, ലോക നിലവാരത്തിലുള്ള പുതുമയുണ്ടാക്കുന്ന പദ്ധതികൾ തയ്യാറാക്കുക, ഇത്തരത്തിലുള്ള ലോകനിലവാരമുള്ള സ്ഥാപനങ്ങളുമായി സഹകരിക്കുക, മാനേജ്മെന്റ്മേഖലയിലെ ലേഖനങ്ങൾ, ജേർണലുകൾ, പീരിയോഡിക്കൽ പുസ്തകങ്ങൾ എന്നിവ അച്ചടിച്ചു പ്രസിദ്ധീകരിക്കുക, വിദ്യാഭ്യാസ രംഗത്തെ പല പദ്ധതികളും, വിലയിരുത്തി അവലോകനം ചെയ്യുകയും, പരിഹാര മാർഗ്ഗങ്ങൾ ആരായുകയും കണ്ടെത്തുകയും ചെയ്യുക, തുടങ്ങിയവ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു. ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ പൊതുവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ഉണർവും, കാര്യശേഷിയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ